<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3557</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>പഠനത്തോടൊപ്പം തൊഴിൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലിൽ ഏർപ്പെടുന്നതിനും സാമ്പത്തികഭദ്രത കൈവരിക്കുന്നതിനുമായി Earn While You Learn എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം എന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ PAT (പ്രൊഡക്ഷൻ & ട്രെയിനിങ്) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി RLV സംഗീതകോളേജിൽ മിനി ഇൻഡ്സ്ട്രിയൽ യൂണിറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം പരിശീലനം നൽകുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സർക്കാർ ,പൊതുമേഖലാ സ്ഥാപനങ്ങളിൽ പാർട് ടൈം ജോലികൂടി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നേടുന്നതിന് കർമ്മചാരി എന്ന ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി ‘കർമ്മചാരി’ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമികചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമാ പ്രതിനിധികളുമായും ഒരു ഫ്ലഗിൾമീറ്റ് ചേരുകയും ചെയ്തു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് **08/02/2023** തീയതിയിൽ ബഹു.തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനം എടുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>സംസ്ഥാനസർക്കാർ രാജ്യത്ത് ആദ്യമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ